



**ആയിരക്കണക്കിന് വൈവിധ്യങ്ങളുള്ള**
**ചോക്ലേറ്റുകളുടെയും**
**158 തരം ബിയറുകളുടെയും**
**നാടായ ബ്രസ്സൽസിന്റെ വിശേഷങ്ങളുമായി**

**രാജു റാഫേൽ**

# ബ്രസ്സൽസ് ജാസ് മാരത്തോൺ!

**വീണ്ടും** ബെൽജിയത്തിലേക്ക് കടന്ന ഞാൻ സൈക്കിളിന്റെ വേഗത കൂട്ടി. അതിർത്തി കടന്നാൽ അധികം താമസിയാതെ ഡെ മോസ്റ്റൺ പട്ടണത്തിലെത്താം എന്നാണ് ജർമ്മൻ സുഹൃത്തുക്കളിൽ നിന്ന് ലഭിച്ച അറിവ്. ഈ അതിർത്തി പട്ടണത്തിൽ നിന്നാകും വടക്കൻ ബെൽജിയത്തിൽ നിന്നും തലസ്ഥാനമായ ബ്രസ്സൽസിലേക്കുള്ള ട്രെയിനുകൾ പുറപ്പെടുന്നത്. എത്രയും പെട്ടെന്ന് ബ്രസ്സൽസിലേക്കുള്ള ട്രെയിനിൽ കയറി പറ്റണം. ഇപ്പോൾ അതിർത്തികളിൽ  ഇരുമ്പുമുള്ളുവേലികളോ സൈനിക വിന്യാസമോ ഇല്ലാത്ത യൂറോപ്യൻ യൂണിയനിലെ അംഗരാജ്യങ്ങൾ തമ്മിൽ എത്രയെത്ര യുദ്ധങ്ങൾ നടന്ന രണഭൂമിയാണ്  ഏകനായി ഞാൻ സൈക്കിളോടിക്കുന്ന ഈ വയലുകൾ എന്ന ചരിത്രബോധം എന്നെ വല്ലാതെ ഭയപ്പെടുത്തി.

ബെൽജിയം എന്ന രാജ്യത്തിന്റെ ചരിത്രത്തിന് എത്രയോ അപ്പുറത്തേക്ക് നീളുന്നതാണ് യുദ്ധ രക്തക്കറകളാൽ പങ്കിലമായ ഫ്ളാന്തേഴ്സ് എന്ന ഈ ഭൂമേഖലയുടെ ചരിത്രം.  നൂറ്റാണ്ടുകൾ നീണ്ട അധിനിവേശം മൂലം സ്വന്തമായി ഒരു ഭാഷ പോലുമില്ലാതായ ഭൂപ്രദേശം. ഫ്ളാന്തേഴ്സ് പ്രവിശ്യക്ക് മാത്രമല്ല, ബെൽജിയം എന്ന രാജ്യത്തിന് തന്നെ സ്വന്തമായി ഒരു ഭാഷയില്ല. ബെൽജിയത്തിലെ പകുതിയിലധികം പേർ ഡെച്ച് സംസാരിക്കുന്നു. ബാക്കിയുള്ളവർ ഫ്രഞ്ചും. ഒന്നാം ലോകമഹായുദ്ധക്കാലത്തെ ജർമ്മൻ അധിനിവേശത്തിന്റെ പാപക്കറ പേറുന്ന ചെറിയൊരു വിഭാഗം ജനങ്ങൾ ജർമ്മനും സംസാരിക്കുന്നു.  ഹോളണ്ടിനോട് ചേർന്ന് കിടക്കുന്ന വടക്കൻ മേഖലയിലെ ഫ്ളെമിഷ് ജനതയാണ് ഡെച്ച് സംസാരിക്കുന്നവർ. ഈ മേഖലയാണ് ഫ്ളാന്തേഴ്സ് എന്നറിയപ്പെടുന്നത്. കൃഷിക്കാരാണ് പൊതുവേ ഫ്ളെമിഷ് ജനത. ചോക്ലേറ്റ് നിർമ്മാണവും ബീയർ വ്യവസായവും ആണ് മുഖ്യ തൊഴിൽ മേഖലകൾ. നിരവധി ബ്രൂവറികൾ (ബീയർ ഉത്പാദന കേന്ദ്രങ്ങൾ) ഈ മേഖലയിൽ ഉണ്ടത്രേ. ആന്റിവേർപ്പിലെ (ഫ്ളാന്തേഴ്സിലെ തുറമുഖ പട്ടണം) കറുത്ത നിറത്തിലുള്ള പരമ്പരാഗത ബിയർ ലോകപ്രശസ്തമാണ്.

ബെൽജിയത്തിന്റെ തെക്കൻ പ്രവിശ്യയാണ് വല്ലോണിയ. ഇവിടുത്തെ ജനങ്ങളാണ് ഫ്രഞ്ച് തങ്ങളുടെ ഭാഷയായി സ്വീകരിച്ചിരിക്കുന്നത്. തെക്കൻ ബെൽജിയം അതിർത്തി പങ്കുവെയ്ക്കുന്നത് ഫ്രാൻസും ജർമ്മനിയും ലക്സംബർഗ്ഗുമായാണ്. അതിൽ ദീർഘമായ അതിർത്തിയുള്ളതാകട്ടെ ഫ്രാൻസുമായും. നൂറ്റാണ്ടുകളോളം നീണ്ട ഫ്രഞ്ച് സാമ്രാജ്യത്ത്വ അധിനിവേശത്തിന്റെ ബാക്കി പത്രമാണ് വല്ലോണിയയിലെ ഫ്രഞ്ച് ഭാഷ. വല്ലോണിയ പ്രവിശ്യയിൽ തന്നെയാണ് ജർമ്മൻ സംസാരിക്കുന്ന ന്യൂനപക്ഷവും ഉള്ളത്.

ഭാഷയുടെ അടിസ്ഥാനത്തിൽ മനസ്സിൽ വേലിക്കെട്ടിയ ബെൽജിയം ജനത എന്നും പരസ്പരം ഏറ്റുമുട്ടിയും പോരടിച്ചുമാണ് ജീവിച്ചത്. ഇതിനിടയിൽ ബെൽജിയം 17-ാം നൂറ്റാണ്ടിൽ സ്പാനീഷ് ഭരണത്തിലായി. പിന്നീട് 1813-ൽ കിംഗ്ഡം ഓഫ് നെതർലാന്റിന്റെ ഭാഗമായി. 1830 -ലെ ബെൽജിയം റവലൂഷ്യനെ തുടർന്ന് സ്വാതന്ത്ര്യം നേടി സ്വതന്ത്ര രാജ്യമായി. ഇപ്പോൾ മൂന്ന് പ്രവിശ്യകൾ- ഫ്ളാന്തേഴ്സ്, വല്ലോണിയ, ബ്രസൽസ്. ഫ്ളാന്തേഴ്സിൽ ഡെച്ചും വല്ലോണിയിൽ ഫ്രഞ്ചും ഔദ്യോഗിക ഭാഷകൾ. ബ്രസൽസ് പ്രവിശ്യയിൽ രണ്ടു കൂട്ടരും തുല്യ ശക്തികൾ. അതുകൊണ്ട് ഫ്രഞ്ചും ഡെച്ചും ഒരേപോലെ ഔദ്യോഗിക ഭാഷ.



പ്രശസ്ത ചിത്രകാരൻ വിൻസന്റ് വാൻഗോഗിനോട് രൂപസാദൃശ്യമുള്ള വേഷമണിഞ്ഞ് ബ്രസ്സൽസിലെ തെരുവിൽ നിൽക്കുന്നവർ

**യുദ്ധങ്ങളും അധിനിവേശങ്ങളും സമ്മാനിച്ച സങ്കര സംസ്കാരം ബെൽജിയത്തിന് സ്വന്തമായ ഒരു ഭാഷപോലും നിഷേധിച്ചെങ്കിലും യൂറോപ്യൻ യൂണിയൻ നിലവിൽ വന്നതോടെ ആ കുറവ് അനുഗ്രഹമായി മാറുകയാണ് ഉണ്ടായത്. യൂറോപ്യൻ യൂണിയന്റെ തലസ്ഥാനം ബ്രസ്സൽസ് ആയി നിഷ്പ്രയാസം തെരഞ്ഞെടുക്കപ്പെട്ടു**

വംശീയ ഏറ്റുമുട്ടലുകളും അധിനിവേശവും യുദ്ധങ്ങളും നിരന്തരം പിൻതുടർന്നതുകൊണ്ടാകാം മുപ്പതിനായിരത്തി അഞ്ഞൂറ് ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തൃതിയുള്ള ഈ കൊച്ചു രാജ്യം അറിയപ്പെടുന്നത് 'യൂറോപ്പിന്റെ യുദ്ധഭൂമി' എന്നാണ്. ഒന്നും രണ്ടും ലോക മഹായുദ്ധങ്ങളുടെ പ്രധാന രംഗഭൂമിയും ബെൽജിയം തന്നെ ആയിരുന്നല്ലോ.

യുദ്ധങ്ങളും അധിനിവേശങ്ങളും സമ്മാനിച്ച സങ്കര സംസ്കാരം ബെൽജിയത്തിന് സ്വന്തമായ ഒരു ഭാഷപോലും നിഷേധിച്ചെങ്കിലും യൂറോപ്യൻ യൂണിയൻ നിലവിൽ വന്നതോടെ ആ കുറവ് അനുഗ്രഹമായി മാറുകയാണ് ഉണ്ടായത്. യൂറോപ്യൻ യൂണിയന്റെ തലസ്ഥാനം ബ്രസ്സൽസ് ആയി നിഷ്പ്രയാസം തെരഞ്ഞെടുക്കപ്പെട്ടു. പാശ്ചാത്യ രാജ്യങ്ങളുടെ സൈനിക സഖ്യമായ നാറ്റോയുടെ ആസ്ഥാനവും ബെൽജിയത്തിൽ തന്നെയാണ്.

ഹോളണ്ടിൽ നിന്ന് ഞാൻ സൈക്കിളിൽ അതിർത്തി മുറിച്ച് കടന്നത് ഡെച്ച് സംസാരിക്കുന്ന ഫ്ളാന്തേഴ്സ് മേഖലയിലേക്കായതുകൊണ്ടാണ് ആ ഫ്ളെമിഷ് കർഷകനോട് എനിക്ക് അറിയാവുന്ന മുറി ഡെച്ചിൽ സംസാരിക്കാനായത്. ഈ മുറി ഡെച്ച് പരിജ്ഞാനം ബെൽജിയത്തിന്റ ഫ്ളാന്തേഴ്സ് പ്രവിശ്യയിൽ പിന്നീടും എന്നെ വല്ലാതെ സഹായിച്ചു. ഹോളണ്ടിന്റെ അതിർത്തിയിൽ നിന്ന് അര മണിക്കൂർ സൈക്കിൾ ചവുട്ടിയപ്പോഴേക്കും ഞാൻ ഡെ മോസ്റ്റൺ പട്ടണത്തിലെത്തി. അവിടെ ആദ്യം കണ്ട കടയിൽ നിന്നും കുടിക്കാനെന്തെങ്കിലും കിട്ടുമോ എന്ന് അന്വേഷിക്കുന്നതിനിടയിലാണ് ഒരു പോലീസ് വാഹനം എന്റെ സൈക്കിളിനോട് ചേർന്ന് വന്ന് നിന്നത്. വാഹനത്തിൻ നിന്ന് പുറത്തിറങ്ങിയ പോലീസുകാരിൽ ഒരാൾ എന്റെ സൈക്കിളിന് ചുറ്റും നടക്കുന്നത് കണ്ടപ്പോൾ അവർ എന്നെയാണ് അന്വേഷിക്കുന്നത് എന്ന് മനസ്സിലായി. കടയിൽ നിന്ന് ഇറങ്ങി ഞാൻ പോലിസ് വാഹനത്തിനടുത്തേക്ക് ചെന്ന്, ഹോളണ്ടിൽ നിന്ന് ബെൽജിയം തലസ്ഥാനമായ ബ്രസ്സൽസിലേക്ക് പോകുന്ന സൈക്കിൾ സഞ്ചാരിയാണെന്ന് അറിയിച്ചു. ഷെങ്കൺ വിസ പതിച്ച പാസ്പോർട്ട് കാണിക്കാൻ ശ്രമിച്ചെങ്കിലും പോലീസുകാരൻ അതൊന്നും ശ്രദ്ധിച്ചില്ല. എന്റെ ബാഗിലേക്കാണ് അയാളുടെ നോട്ടം. അത് മനസ്സിലാക്കിയ ഞാൻ ബാഗ് അയാൾക്ക് നൽകി. ബാഗ് വാങ്ങി പരിശോധിച്ചിട്ടും തൃപ്തിയാവാതെ, അയാൾ എന്റെ ജീൻസിന്റെയും ഷർട്ടിന്റെയും പോക്കറ്റുകളിലും കൈയ്യിട്ട് പരതി. ഇതിനിടയിൽ വാഹനമോടിച്ചിരുന്ന പോലീസുകാ

രൻ ഞാൻ നേരത്തെ കയറിയ കടയിലേക്ക് കയറി, കടക്കാരനോട് എന്തൊക്കെയോ ചോദിച്ചു . കടക്കാരൻ കൈയ്യ് മലർത്തി കാണിച്ചതോടെ അയാൾ തിരിച്ച് വാഹനത്തിനടുത്തേക്ക് തന്നെ വന്നു. ഇത്രയൊക്കെ ആയതോടെ ഞാൻ ധൈര്യം സംഭരിച്ച്, എന്താണ് നിങ്ങൾ പരിശോധിക്കുന്നത്, എന്താണ് നിങ്ങൾക്ക് വേണ്ടത് എന്നാരാഞ്ഞു. അവരുടെ മറുപടി കേട്ടതോടെ എനിക്ക് സമാധാനമായി. കൊക്കയിൻ ഉൾപ്പെടെയുള്ള ഏതെങ്കിലും മയക്കുമരുന്ന് എന്റെ കയ്യിലുണ്ടോ എന്നാണ് അവർ പരിശോധിച്ചിരുന്നത്. ഹോളണ്ടിൽ നിയമ വിരുദ്ധമല്ലാത്ത മയക്കുമരുന്നുകൾ കൈവശം വെയ്ക്കുന്നതോ ഉപയോഗിക്കുന്നതോ ബെൽജിയത്തിൽ കുറ്റകരമാണ്. അങ്ങനെ എന്തെങ്കിലും കയ്യിലുണ്ടെങ്കിൽ അതിർത്തി കടക്കുന്നതിന് മുൻപ് അത് കളയണം. എന്നാൽ വിലകൂടിയ കൊക്കയിനും മറ്റും ആരും അങ്ങിനെ കളയാറില്ലത്രേ. അതങ്ങ് പോക്കറ്റിലെവിടെയെങ്കിലും ഒളിപ്പിക്കും. ചില തലതെറിച്ചവന്മാർ അതിർത്തി കടന്ന് ആദ്യം കാണുന്ന കടയിൽ അത് മറിച്ച് വിൽക്കും. അങ്ങിനെ എന്റെ കയ്യിൽ നിന്ന് എന്തെങ്കിലും വാങ്ങിച്ചോ എന്നാണ് കടയിലേക്ക് കയറിപ്പോയ പോലീസുകാരൻ കടക്കാരനോട് അന്വേഷിച്ചത് എന്ന് ഞാൻ ഊഹിച്ചു. ഞാൻ മയക്കുമരുന്നു ഉപയോഗിക്കാറില്ലെന്നും റേഡിയോ നെതർലാന്റ് സ്ട്രെയിനിങ്ങ് സെന്ററിൽ പരിശീലനത്തിനായി ഇന്ത്യയിൽ നിന്ന് വന്ന പത്രപ്രവർത്തകനാണെന്നും ഐഡന്റിറ്റി കാർഡ് കാണിച്ച് ബോധ്യപ്പെടുത്തിയതോടെ അവർക്ക് വിശ്വാസമായി.

അഞ്ച് മിനിറ്റ് സംസാരിച്ചപ്പോഴേക്കും വലിയ സൗഹാർദ്ദത്തിലായി പോലീസുകാർ. ആന്റിവേർപ്പിലെ പ്രശസ്തമായ കറുത്ത ബീയർ മുന്നിലെ കടയിൽ നിന്ന് വാങ്ങി തന്ന് എന്നോടുള്ള സ്നേഹം പ്രകടിപ്പിച്ചു അവർ. നമ്മുടെ ദശമൂലാരിഷ്ടത്തിനേക്കാൾ കറുത്ത നിറമായിരുന്നു ആ ബീയറിന്. അരിഷ്ടത്തിൽ സോഡ ഒഴിച്ചപ്പോലെ അത് പച്ചകുപ്പിയിൽ നിന്ന് നുരഞ്ഞ് പൊന്തി. എന്നാൽ ഞാൻ വിചാരിച്ചത്ര ദുസ്വാദ് അതിന് ഉണ്ടായില്ല.

ഡെ മോസ്റ്റൺ ഒരു കുഞ്ഞുപട്ടണമാണെന്നും അവിടുത്തെ റെയിൽവേ സ്റ്റേഷനിൽ നിന്നും ബ്രസ്സൽസിലേക്കുള്ള ട്രെയിൻ വല്ലപ്പോഴുമേ ഉള്ളൂ എന്നും അവർ പറഞ്ഞു. അതിലും നല്ലത് ഒരു മണിക്കൂർ കൂടി സൈക്കിൾ ചവിട്ടിയാൽ ബ്രച്ച പട്ടണത്തിൽ എത്തുമെന്നും അവിടെ നിന്ന് ബ്രസ്സൽസിലേക്ക് പോകുന്നതായിരിക്കും നല്ലതെന്നും അവർ ഉപദേശിച്ചു. മാത്രവുമല്ല സൈക്കിളും കൊണ്ട് ബ്രസ്സൽസിലേക്ക് പോകുന്നതായിരിക്കും നല്ലത് എന്നവർ പറഞ്ഞു. കാരണം നാളെ രാത്രി ബ്രസ്സൽസിൽ നിന്ന് ആംസ്റ്റർഡാമിലേക്ക് പോകുമ്പോൾ ബ്രച്ചയിലിറങ്ങി സൈക്കിൾ എടുത്ത് യാത്ര തുടരുന്നതിനൊക്കെ വലിയ ബുദ്ധിമുട്ടായിരിക്കും. ഇന്റർനാഷണൽ ട്രെയിനുകളൊന്നും ബ്രച്ചയിൽ നിറുത്തില്ല.

ഡെ മോസ്റ്റണിൽ നിന്ന് ഇരുപത് കിലോമീറ്ററേ ബ്രച്ചയിലേക്കുള്ളൂ. നിറയെ ജനവാസമുള്ള പ്രദേശത്തുകൂടിയാണ് ഡെ മോസ്റ്റണിൽ നിന്ന് ബ്രച്ചയിലേക്കുള്ള സൈക്കിൾ പാത കടന്ന് പോകുന്നത്. ബ്രച്ചയോട് അടുക്കും തോറും വഴിയിൽ കണ്ടുമുട്ടുന്നവരുടെ എണ്ണം കൂടിവന്നു. ഉച്ച കഴിഞ്ഞ് മൂന്ന് മണിയോടെ ഞാൻ ബ്രച്ചയിലെത്തി സെന്ററത്തിൽ നിന്ന് റെയിൽവേ സ്റ്റേഷൻ കണ്ടുപിടിക്കാൻ ബുദ്ധിമുട്ട് ഉണ്ടായില്ല. സ്റ്റേഷനോട് അനുബന്ധിച്ചുള്ള കഫ്തീരിയയിൽ നിന്ന് പരമ്പരാഗത രീതിയിലുള്ള ഫ്ളെമിഷ് ഭക്ഷണം കിട്ടി. സ്റ്റേഷനിൽ ആന്റിവേർപ്പ് വഴി ബ്രസ്സൽസിലേക്ക് പോകുന്ന മൂന്ന്-നാല് ട്രെയിനുകൾ കിടക്കുന്നുണ്ട്. സൈക്കിളിനും കൂടി ടിക്കറ്റ് എടുത്ത്, ആദ്യം പോകുന്ന ട്രെയിനിൽ കയറിപ്പറ്റി. ഇവിടെനിന്ന് 70 കിലോ മീറ്ററാണ് ബ്രസ്സൽസിലേക്ക്. ഇരുപത് മിനിറ്റ് കൊണ്ട് തന്നെ ട്രെയിൻ ആന്റിവേർപ്പ് നഗരത്തിന്റെ പ്രാന്തപ്രദേശത്ത് എത്തി. ബീയർ ഉൽപാദനശാലകളായ ബ്രൂവറികൾ നിരവധിയെണ്ണം ട്രെയിനിലിരുന്നു തന്നെ കാണാൻ കഴിഞ്ഞു. ആന്റിവേർപ്പ് സെന്റർ സ്റ്റേഷനിലടക്കം മൂന്ന് സ്ഥലത്ത് നിറുത്തിയ ട്രെയിൻ ആന്റിവേർപ്പ് വിട്ടതോടെ വേഗം കൈവരിച്ചു. നാലരയായപ്പോഴേക്കും ആ ട്രെയിൻ എന്നെ ബ്രസ്സൽ സെൻട്രൽ സ്റ്റേഷനിലെത്തിച്ചു.

പോക്കറ്റടിക്കാർ ധാരാളമുണ്ട്. നിങ്ങളുടെ പണവും ബാഗും പ്രത്യേകം സൂക്ഷിക്കുക എന്ന ആവർത്തിച്ചുള്ള അനൗൺസ്മെന്റ് ആണ് ബ്രസ്സൽസ് റെയിൽവേ സ്റ്റേഷനിലിറങ്ങിയപ്പോൾ ഞാൻ ആദ്യം കേട്ടത്. നിരവധി ട്രെയിനുകൾ ഒരേ സമയം വരികയും പുറപ്പെടുകയും ചെയ്യുന്ന വലിയൊരു സ്റ്റേഷനാണ് ബ്രസ്സൽസ് സെൻട്രൽ. തിരക്കിട്ട് കടന്ന് പോകുന്ന യാത്രക്കാരുടെ ഇടയിലൂടെ സൈക്കിളുമായി നീങ്ങുന്ന ഒരാളിന്റെ പിന്നാലെ സൈക്കിളുമുന്തി ഞാൻ പുറത്ത് കടന്നു. സൈക്കിൾ സൂക്ഷിക്കുന്ന സ്ഥലം കണ്ടുപിടിച്ച് സൈക്കിൾ അവിടെ ഏൽപ്പിച്ചശേഷം പുറത്തേക്ക് ഇറങ്ങി. നഗരത്തിലേക്ക് കാലെടുത്തുവെച്ച എന്നെ സ്വാഗതം ചെയ്തത് മുഷിഞ്ഞ വസ്ത്രം അലസമായി ധരിച്ച, കണ്ടാൽ 50 വയസ്സ് പ്രായം തോന്നുന്ന ഒരു യാചകനാണ്. ഹോളണ്ടിൽ ഒരിക്കൽ പോലും ഒരു യാചകനെ ഞാൻ കണ്ടിട്ടില്ല.

എനിക്കെന്തോ ആശ്വാസം തോന്നി. ഏതാണ്ട് ഇന്ത്യയിൽ തിരിച്ചെത്തിയ പോലെയുള്ള തോന്നൽ. പോക്കറ്റടിക്കാർ, യാചകർ, മുന്നിലെ റോഡാണെങ്കിൽ അടച്ചിരിക്കുന്നു. ഏതോ കെട്ടിടം പൊളിച്ചതിന്റെ അവശിഷ്ടങ്ങൾ അവിടെ കാണാനുണ്ട്. പുതിയ കെട്ടിടം പണിയാനുള്ള ഇഷ്ടികയും മറ്റും റോഡരികിൽ ഇറക്കി വെച്ചിരിക്കുന്നു- ഫീൽ അറ്റ് ഹോം- എന്നൊക്കെ പറയുന്ന പോലെയുള്ള മനോനില എന്നെ പെട്ടെന്ന് സന്തോഷവനാക്കി. ഞാൻ ആ യാചകന് അഞ്ച് യൂറോ ഭിക്ഷയായി നൽകി. പത്തും ഇരുപതും പെൻസ് ഭിക്ഷയായി കിട്ടുന്ന സ്ഥാനത്ത് അഞ്ച് യൂറോ കൈയ്യിൽ കിട്ടിയത് അയാളെ അമ്പരപ്പിച്ചു. വിശ്വസിക്കാനാവാതെ അയാൾ അഞ്ച് യൂറോ നോട്ട് തിരിച്ചും മറിച്ചും നോക്കി, കള്ള നോട്ടല്ല എന്നുറപ്പാക്കി. ശേഷം എന്റെ മുഖത്തേക്ക് നോക്കിയപ്പോഴാണ് ഞാനൊരു ഏഷ്യാക്കാരനാണ് എന്നത് അയാൾ ശ്രദ്ധിച്ചത്. അതയാളെ കൂടുതൽ കുഴക്കുന്നത് ഗൗനിക്കാതെ ഞാൻ നടന്നു നീങ്ങി. അയാൾ പിന്നാലെ വന്ന്, ആ ഭിക്ഷ എനിക്ക് തിരിച്ച് നൽകിയാലോ എന്ന ഭീതിയാലാകണം ഞാൻ ഒന്ന് തിരിഞ്ഞ് പോലും നോക്കിയില്ല.

റെയിൽവേ സ്റ്റേഷനിൽ നിന്ന് പുറത്ത് കടന്നതോടെ ബെൽജിയത്തിലെ തണുപ്പിന്റെ കാഠിന്യം ഞാൻ ശരിക്കും അനുഭവിച്ചു. അഞ്ച് മണി കഴിഞ്ഞിട്ടേ ഉള്ളുവെങ്കിലും താപനില പൂജ്യം ഡിഗ്രിയേക്കാൾ താഴെ എത്തിയിരിക്കുന്നു. ഏതാനും മണിക്കൂറുകളായി മ

ഞ്ഞ് പെയ്തുകൊണ്ടിരിക്കുകയാണെന്ന് വ്യക്തം. ഇന്ന് ഇനി കറക്കമൊന്നും പറ്റില്ല. എത്രയും പെട്ടെന്ന് താമസസ്ഥലം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ആദ്യം കണ്ട വലിയ ഹോട്ടലിലേക്ക് തന്നെ കയറി. ഭാഗ്യത്തിന് മുറി കിട്ടി. മുറിയിൽ കടന്നയുടൻ ഹീറ്റർ ഓണാക്കി ഞാൻ ഉറങ്ങാൻ കിടന്നു.

രാവിലെയെണീറ്റ് ഹോട്ടലുകാർ സൗജന്യമായി തരുന്ന പ്രഭാത ഭക്ഷണവും കഴിച്ച് , റൂം ഒഴിഞ്ഞ് കൊടുത്ത് ഞാൻ സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ വന്ന് ഇരിപ്പായി. ആംസ്റ്റർഡാമിൽ നിന്ന് പുറപ്പെടുന്ന ആദ്യ ട്രെയിനിന് തന്നെ നമിതയും കൂട്ടുകാരികളും പുറപ്പെടും എന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങിനെയാണെങ്കിൽ അവർ എത്തേണ്ട സമയം കഴിഞ്ഞിരിക്കുന്നു. അര മണിക്കൂർ കഴിഞ്ഞപ്പോഴേക്കും അവരെത്തി. നമിതയുടെ കൂടെ ലാറ്റിനമേരിക്കൻ രാജ്യമായ ഡൊമനിക്കൻ റിപ്പബ്ളിക്കിൽ നിന്നുള്ള കൂട്ടുകാരികൾ മാത്രമല്ല, എന്റെ ക്ളാസ്സിലെ ബെന്നും സംഘവും ഉണ്ട്. ബെൻ ആണ് സംഘത്തിന്റെ ലീഡർ. എന്റെ കൂടെ കാട്ടിലൂടെ നടക്കാൻ വരുന്ന കെനിയക്കാരി ആനും കൂട്ടത്തിലുണ്ട്.

പുറത്തേക്കിറങ്ങി അര മണിക്കൂർ ബ്രസ്സൽസിൽ കറങ്ങിയപ്പോഴേക്കും ബെന്നും സംഘവും മടുപ്പ് പ്രകടിപ്പിച്ചു തുടങ്ങി. തുടർന്ന് ഞങ്ങൾ ബ്രസ്സൽസ് ടൂർ എന്ന കമ്പനിയുടെ ബസ്സിലായി നഗര പ്രദക്ഷിണം. ആംസ്റ്റർഡാമിലെ പോലെ സൈക്കിളുകൾക്ക് പ്രത്യേകമായി റോഡുകൾ ബ്രസ്സൽസിൽ ഇല്ല. പക്ഷെ റോഡിലും സൈക്കിൾ ട്രാക്കുകൾ ഉണ്ട്. ഒരു വെളുത്ത വരകൊണ്ട് സൈക്കിൾ ട്രാക്കിനെ റോഡിൽ വേർതിരിച്ചിരിക്കുന്നു. പലസ്ഥലത്തും ഈ വരയും ഇല്ല. ഇവിടെ മറ്റ് വാഹനങ്ങളുടെയൊപ്പം തന്നെ സൈക്കിളും ഓടിക്കണം. വെളുത്ത വര കൊണ്ട് സൈക്കിൾ ട്രാക്ക് വേർതിരിച്ചിട്ടുള്ള സ്ഥലങ്ങളിലും പലരും സൈക്കിളോടിക്കുന്നത് കാറുകൾക്കും ബസ്സുകൾക്കും ഇടയിലൂടെ പ്രധാന നിരത്തിലൂടെ തന്നെയാണ്. എന്നാൽ സൈക്കിൾ വാടകക്ക് കൊടുക്കുന്നത് ആംസ്റ്റർഡാമിലേക്കാൾ വലിയ വ്യവസായമാണ് ഇവിടെ എന്ന് തോന്നുന്നു. ഒരേപോലെയുള്ള നല്ല ഭംഗിയുള്ള അനവധി സൈക്കിളുകൾ വാടകക്ക് കൊടുക്കാനായി നിരത്തിവെച്ചിരിക്കുന്ന നിരവധി സ്ഥാപനങ്ങൾ ബ്രസ്സൽസിലെ ടൂർ ബസ്സിലെ കറക്കത്തിനിടയിൽ കണ്ടു. ഈ കൺടക്റ്റഡ് ടൂർ ബസ്സിൽ നിന്ന് നഗരത്തിൽ നമുക്ക് എവിടെ വേണമെങ്കിലും ഇറങ്ങാം. ബ്രസ്സൽസ് ടൂർ കമ്പനിയുടെ അടുത്ത ബസ്സ് വരുമ്പോൾ കയറിയാൽ മതി. ഇങ്ങനെ അഞ്ച് മണി വരെ പലയിടത്തും ഇറങ്ങിയും കയറിയും ഞങ്ങൾ ബെൽജിയം രാജാവിന്റെ കൊട്ടാരം ഉൾപ്പെടെയുള്ള കാഴ്ചകളെല്ലാം ക ണ്ടു.

അഞ്ച് മണിയായതോടെ നഗരത്തിലെ പ്രധാന ചത്വരമായ ഗ്രാന്റ് പ്ളേസിന് സമീപം ഞങ്ങളെ ഇറക്കിവിട്ട് ബ്രസ്സൽസ് ടൂർ കമ്പനിക്കാർ ടാറ്റ പറഞ്ഞു പോയി. ഇവിടെയാണ് റൂഡി എൽറ്റുവെ എന്ന തെരുവ്. ബെൽജിയത്തിനെ ലോക മാപ്പിൽ അടയാളപ്പെടുത്തുന്ന ചിഹ്നമായ 'മാനെകെൻ പിസ്' (മൂത്രമൊഴിക്കുന്ന കുട്ടി) പ്രതിമ ഈ തെരുവിലാണ്. 14-ാം നൂറ്റാണ്ട് മുതൽ ആ പയ്യൻ മൂത്രമൊഴിച്ചുകൊണ്ട് നിൽക്കുകയാണ് അവിടെ. പല കാലഘട്ടത്തിലും മോഷണം പോയെങ്കിലും അതേ മാതൃകയിലുള്ള പ്രതിമ വീണ്ടും അവിടെ സ്ഥാപിച്ച് ആ ചരിത്ര സ്മാരകത്തെ ബെൽജിയം ജനത കാക്കുന്നു. ചോക്ലേറ്റിന്റെ ലോക തലസ്ഥാനം എന്ന് ബ്രസ്സൽസിനെ വിശേഷിപ്പിക്കുന്നതിൽ അത്ഭുതമില്ലെന്ന് ഈ തെരുവിലെത്തിയാൽ ബോധ്യപ്പെടും. എവിടെ നോക്കിയാലും ചോക്ലേറ്റ് ഷോറുമുകൾ (കടകൾ എന്ന് പറയാൻ കഴിയില്ല). ആയിരക്കണക്കിന് തരം ചോക്ലേറ്റുകൾ, വാഫറുകൾ. ചോക്ലേറ്റുകളുടെ മത്ത് തലക്ക് പിടിച്ച് ആരും ഒന്ന് കറങ്ങിപോകും. നമിതയുൾപ്പടെയുള്ള പെൺകുട്ടികളെല്ലാം ചോക്ലേറ്റ് കൂനകളിലേക്ക് ഊളിയിട്ടപ്പോഴാണ് എതിർ വശത്തുള്ള ബീയർ ഷോപ്പ് ബെൻ എന്നെ ചുമലിൽ തട്ടി കാണിച്ചത്.

അതൊരു വെറും ബിയർ ഷോപ്പ്



വാടകയ്ക്ക് കൊടുക്കുന്നതിനായി തെരുവിൽ നിരത്തിവച്ചിരിക്കുന്ന സൈക്കിളുകൾ

**സൈക്കിൾ വാടകക്ക് കൊടുക്കുന്നത് ആംസ്റ്റർഡാമിലേക്കാൾ വലിയ വ്യവസായമാണ് ഇവിടെ എന്ന് തോന്നുന്നു. ഒരേപോലെയുള്ള നല്ല ഭംഗിയുള്ള അനവധി സൈക്കിളുകൾ വാടകക്ക് കൊടുക്കാനായി നിരത്തിവെച്ചിരിക്കുന്ന നിരവധി സ്ഥാപനങ്ങൾ ബ്രസ്സൽസിലെ ടൂർ ബസ്സിലെ കറക്കത്തിനിടയിൽ കണ്ടു**

അല്ലായിരുന്നു. ബെൽജിയം ഉൽപാദിപ്പിക്കുന്ന 158 തരം ബിയറുകളും അവിടെ ലഭിക്കും. വെളുത്ത നിറമുള്ള ബിയറിൽ തുടങ്ങി, സ്വർണ്ണ നിറത്തിലൂടെ കടന്ന് തവിട്ടും കറുപ്പും നിറമുള്ള ബിയറുകൾ വരെ ഉൾപ്പെടുന്ന വൈവിധ്യമാർന്ന ബിയറുകൾ ബെൽജിയത്തിൽ ഉൽപാദിപ്പിക്കുന്നു. അതിന്റെയൊക്കെ കുപ്പികൾ ഭംഗിയായി നിരത്തിവെച്ചിരിക്കുന്ന റാക്കിന് താഴെ ആ ബിയർ നൽകുന്ന പബും ഉണ്ട്. മൂന്ന് യൂറോ കൊടുത്താൽ ഒരു പിന്റ് ഗ്ലാസ് ( 350 മില്ലി) ബിയർ ഏത് മെഷീനിൽ (പബ്) നിന്ന് വേണമെങ്കിലും എടുത്തു തരും. ഞങ്ങൾ അതിനകത്തേക്ക് കടന്നപ്പോൾ ഒരു സംഘം വിനോദസഞ്ചാരികളുടെ മത്സരിച്ചുള്ള ബിയറടി പൊടിപൊടിക്കുകയായിരുന്നു അവിടെ. ഒരറ്റത്ത് നിന്ന് തുടങ്ങി ഒരോ തരം ബിയറായി ഒരോ പിന്റ് വീതം കഴിച്ച് മുന്നേറുക. 158 തരം ബിയറിന്റെയും ഒരോ ഗ്ലാസ്സ് കുടിക്കാൻ കഴിഞ്ഞാൽ മത്സരത്തിൽ ജയിച്ചു. ചില മിടുക്കന്മാർ 16 തരം ബിയറുകൾ വരെ പിന്നിടുന്നുണ്ട്. അപ്പോഴേക്കും വയർ ഉപ്പുമാങ്ങാ ഭരണിപ്പോലെയാകും. രസം പിടിച്ച് ഞാനും ബെന്നും അവരുടെയൊപ്പം മത്സരത്തിൽ ചേർന്നു. ഞങ്ങളുടെ പിന്നാലെ ഡൊമിനിക്കൻ പെൺകുട്ടികളും . ബെൻ 14 തരം ബിയടറിച്ച് കരുത്ത് തെളിയിച്ചു. ഇനിയൊരു ദിവസം തയ്യാറെടുപ്പോടെ വന്ന് 158 ബിയറും കുടിക്കുമെന്ന് വിളമ്പുന്ന പെൺകുട്ടിയോട് വീമ്പുപറഞ്ഞ് പിൻമാറി. ഏഴ് തരം ബിയറുകളുടെ പിന്റുകൾ കുടിക്കാനേ എനിക്ക് കഴിഞ്ഞുള്ളൂ.

അവിടെ നിന്ന് പുറത്തിറങ്ങിയപ്പോൾ അതാ ജീവനോടെ മുന്നിൽ നിൽക്കുന്നു മൺമറഞ്ഞ വിഖ്യാത ചിത്രകാരൻ വിൻസെന്റ് വാൻഗോഗ്. വിശ്വസിക്കാനാവാതെ കണ്ണ് തിരുമ്മി ഒന്നുകൂടി നോക്കി. അപ്പോഴതാ ഒന്നല്ല, രണ്ട് വാൻഗോഗുമാർ. ഒരു വാൻഗോഗ് ഒരു സ്റ്റൂളിൽ ഇരിക്കുന്നു, മറ്റേ വാൻഗോഗ് നിൽക്കുന്നു. 1890-ൽ സ്വയം വെടിവെച്ച് മരിച്ച വാൻഗോഗ് എങ്ങിനെ ഇവിടെ നിൽക്കുന്നു. ദൈവമേ! പലതരം ബിയറൊക്കെ മത്സരിച്ച് കുടിച്ച് എന്റെ വെളിവു കെട്ടുപോയോ? എന്തായാലും വാൻഗോഗുമാരെ പരിചയപ്പെടുക തന്നെ ! അടുത്ത് ചെന്ന് അഭിവാദ്യം ചെയ്തതോടെ ഇരിക്കുന്ന വാൻഗോഗ് എനിക്ക് കൈതന്നു. ഒരു യൂറോ കൊടുത്താൽ അദ്ദേഹത്തിന്റെ കൂടെ നിന്ന് ഫോട്ടോ എടുക്കാമെന്നും പറഞ്ഞു. അപ്പോൾ അതാണ് കാര്യം. വാൻഗോഗിനെപ്പോലെ വേഷം കെട്ടി നിന്ന് വിനോദ സഞ്ചാരികളെ പറ്റിക്കുകയാണ് അവർ. എന്നാലും എനിക്ക് അവരോട് സ്നേഹം തോന്നി. ഡെച്ച്കാരനാണെങ്കിലും വാൻഗോഗിന്റെ പ്രധാന കർമ്മരംഗം രംഗം ബെൽജിയമായിരുന്നു. പിന്നീട് വിഖ്യാതങ്ങളായി മാറിയ, അദ്ദേഹത്തിന്റെ രചനകളിൽ ഭൂരിഭാഗവും പിറന്നത് ഈ ബെൽജിയം മണ്ണിൽ വെച്ചായിരുന്നു. ഹോളണ്ടുകാരേക്കാൾ കൂടുതൽ വാൻഗോഗിനെ അഭിമാനപൂർവ്വം നെഞ്ചിലേറ്റുന്നതും ബെൽജിയംകാർ തന്നെ. വാൻഗോഗിന്റെ ചിത്രങ്ങൾ സൂക്ഷിച്ചിട്ടുള്ള മൂന്ന് പ്രധാന മ്യൂസിയങ്ങൾ ബെൽജിയത്തിലുണ്ട്. കൂടെ നിന്ന് ഫോട്ടോ എടുത്തശേഷം വാൻഗോഗുമാർക്ക് ഒരോ ബീയറും വാങ്ങിക്കൊടുത്തശേഷമാണ് ഞാൻ അവിടെ നിന്ന് പോന്നത്.

പിന്നീട് എത്തിയത് ടൗൺ ഹാൾ ചത്വരമായ ഗ്രാന്റ് പ്ളേസിലേക്കാണ്. യൂറോപ്പിലെ പ്രശസ്തമായ സംഗീതോത്സവമായ ബ്രസ്സൽസ് ജാസ് മാരത്തോൺ നടക്കുകയായിരുന്നു അവിടെ. മൂന്ന് രാവും മൂന്ന് പകലും നീണ്ടു നിൽക്കുന്ന ബ്രസ്സൽസ് ജാസ് മാരത്തോണിൽ പാടുക എന്നത് യൂറോപ്പിലെ എല്ലാ മ്യൂസിക് ബാന്റുകളുടെയും സ്വപ്നമാണ്. യൂറോപ്യൻ സംഗീതത്തെ കുറിച്ച് ഒരു പിടിപാടും ഇല്ലെങ്കിലും പ്രശസ്തമായ ബ്രസ്സൽസ് ജാസ് മാരത്തോൺ കാണാനുള്ള സൗഭാഗ്യം അല്പസമയം പ്രയോജനപ്പെടുത്താൻ ഞാൻ തീരുമാനിച്ചു. നമിതയും ഡൊമിനിക്കൻ പെൺകുട്ടികളും എന്നോടൊപ്പം അവിടെ നിന്നു. ബെന്നും സംഘവും അടുത്ത കറക്കത്തിനായി ചത്വരം വിട്ട് നീങ്ങി. സ്റ്റേജിൽ പാടിക്കൊണ്ടിരിക്കുന്നത് ഒരേപോലത്തെ വെളുത്ത ഫ്രോക്ക് ധരിച്ച മൂന്ന് യുവതികളാണ്. അവർക്ക് അകമ്പടിയായി വാദ്യോപകരണങ്ങൾ വായിക്കുന്ന പത്ത്-പന്ത്രണ്ട് പേർ വേറെയും. എതാണ്ട് സ്റ്റേജിനടുത്തായാണ് ഞങ്ങൾ നിന്നിരുന്നത്. അതുകൊണ്ട് ജാസ്സ് സംഗീതത്തിൽ ലയിച്ച് നിൽക്കുന്ന വരെ പിന്നിലേക്ക് തിരിഞ്ഞ് നോക്കിക്കാണുകയായിരുന്നു ഞാൻ. പെട്ടെന്ന് നമിത എന്നെ തോണ്ടി. “ആ നടുവിൽ നിന്ന് പാടുന്ന പെൺകുട്ടി നിന്നോട് എന്തോ ആംഗ്യം കാണിക്കുന്നു.” ബെൽജിയത്തിൽ ആദ്യമായി വരുന്നതാണ് ഞാൻ. എന്നെ ഇവിടെ യാര് ആംഗ്യം കാണിച്ച് വിളിക്കാൻ ? അതും വേദിയിൽ നിന്ന് പെർഫോം ചെയ്യുന്ന ഒരാൾ? “ഏയ്, അത് എന്നെയൊന്നും ആവില്ല, നിനക്ക് തോന്നിയതാകും”, അവിടേക്ക് ഒന്ന് നോക്കുകപോലും ചെയ്യാതെ ഞാൻ പറഞ്ഞു. ഒരു മിനിട്ട് കഴിഞ്ഞപ്പോൾ വീണ്ടും നമിത എന്നെ തോണ്ടി, നിന്നെ തന്നെയാണ് വിളിക്കുന്നത് എന്ന് പറഞ്ഞു. ഡൊമിനിക്കൻ പെൺകുട്ടികളും അതേറ്റ് പറഞ്ഞപ്പോൾ ഞാൻ സ്റ്റേജിലേക്ക് സൂക്ഷിച്ചു നോക്കി. അപ്രതീക്ഷിതമായി എന്നെ കണ്ടതിന്റെ സന്തോഷസൂചകമായി പാട്ടിനൊപ്പം നിറഞ്ഞ ഒരു ചിരിയും സ്റ്റേജിൽ നിന്നും ഒഴുകി വന്നു. എനിക്ക് ആ മദാമ്മ പെൺകുട്ടിയെ ഒരു പരിചയവും തോന്നിയില്ല. എന്റെ അന്തം വിട്ടുള്ള നോട്ടം കണ്ടപ്പോൾ അത് അവൾക്കും മനസ്സിലായി എന്ന് തോന്നുന്നു. പ്രതികരണമായി പാട്ടിന് താളമിടുന്നതിന് ഒപ്പം സൈക്കിൾ ചവിട്ടുന്നതിന്റെ ആംഗ്യവും കുടി കാണിച്ചു അവൾ.

പെട്ടെന്ന് എന്റെ തലച്ചോർ പ്രവർത്തിച്ചു. ഇത് അവളാണ്, ആ ഡെച്ച് പെൺകുട്ടി, കാട്ടിൽ വഴിതെറ്റിപ്പോയ എന്നെ സൈക്കിളിന്റെ പിന്നിലിരുത്തി ആർ.എൻ.ടി.സിയിൽ കൊണ്ടുവിട്ട ഇംഗ്ളീഷ് അറിയാത്ത ആ മദാമ്മകുട്ടി

(തുടരും)


books
magazines
periodicals

BYWORD
BOOKS

marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689,Mob : 9847764577